# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4814

18.12.14 ൽ - മറുപടിക്ക്

## ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.കെ. ശശീന്ദ്രൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ബി.പി.എൽ. ഉൾപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും പരമാവധി പേരെ ഒഴിവാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ജനുവരി ഒന്നുമുതൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഫാറത്തിൽ കഴിയുന്നതും കൂടുതൽ പേരെ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ചോദ്യാവലിയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | റേഷൻകാർഡുകൾ പുതുക്കുന്നതിനു ള്ള ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ (ചോദ്യാവലി) ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | റേഷൻകാർഡ് പുതുക്കുന്നതിനോടൊപ്പം, ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുത്തുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായുള്ള വിവര ശേഖരണം കൂടി നടത്തുന്നുണ്ട്. ഇതിനായുള്ള ചോദ്യാവലികൾ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 14.01.2011-ലെ സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ., 27.04.12 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ